**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 26895/AD A1/3/എ ഡി എ 1/AD A 1

തീയതി: 23.06.2022

പ്രിയദർശിനി ഹിൽസ്

<u>**സർക്കുലർ**</u>

വിഷയം:- ഭരണകാര്യം: സർവ്വകലാശാലാ ഉദ്യോഗസ്ഥർ സമൂഹമാധ്യമങ്ങൾ മുഖേന മത്സര പരീക്ഷകൾ, സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് നടത്തുന്ന ക്ലാസ്സുകൾ നിരോധിക്കുന്നത് സംബന്ധിച്ച്.

സൂചന :- 1. 12/03/2020-ലെ ഉ.പ.സി.2/76/2020- ഉഭപവ നമ്പർ സർക്കുലർ.
2. കുറിപ്പ് നമ്പർ വി.സി.702/2/078/2022 തീയതി 10.06.2022.

സർക്കാർ ജീവനക്കാർ, പി.എസ്.സി. പരിശീലന കേന്ദ്രങ്ങൾ, സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ തുടങ്ങിയവ നടത്തുന്നതും, ടി സ്ഥാപനങ്ങളിൽ അദ്ധ്യാപനം നടത്തുന്നതും, മേൽപറഞ്ഞ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പുസ്തകങ്ങളും ഗൈഡുകളും പ്രസിദ്ധീകരിക്കുന്നതും അത്തരം പ്രവർത്തനങ്ങൾക്ക് പ്രത്യക്ഷമായും പരോക്ഷമായും കൂട്ടുനിൽക്കുന്നതും ഗുരുതരമായ അച്ചടക്ക ലംഘനമാണെന്ന് സൂചന (1) പ്രകാരം സർക്കാർ വ്യവസ്ഥ നിലവിലുണ്ട്.

ടി സാഹചര്യത്തിൽ സൂചന (2) പ്രകാരം താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സർവ്വകലാശാലാ ഉദ്യോഗസ്ഥർ സമൂഹ മാധ്യമങ്ങൾ മുഖേന മത്സര പരീക്ഷകൾ, സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ക്ലാസുകൾ കൈകാര്യം ചെയ്യുവാൻ പാടുള്ളതല്ല. എന്നാൽ സർക്കാർ പദ്ധതികളുടെ ഭാഗമായുള്ള മത്സര പരീക്ഷകളുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശത്തിൻറെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിന് തടസ്സമില്ല.
2. കെ.എസ്.ആർ ഭാഗം 1, അനുബന്ധം XII A പ്രകാരമുള്ള ശൂന്യവേതനാവധി എടുക്കുന്ന ജീവനക്കാർക്ക് സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിന് തടസ്സമില്ല. എന്നാൽ മത്സര പരീക്ഷാ പരിശീലന കേന്ദ്രങ്ങളോ സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങളോ സ്ഥാപിക്കുവാനോ നടത്തുവാനോ പാടുള്ളതല്ല.

ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ ഉചിതമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതാണ്.

ഒപ്പ്

**ഷിജി സെബാസ്റ്റ്യൻ വി**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ, ഡിപ്പാർട്മെന്റുകൾ, സ്കൂളുകൾ
2. വൈസ് ചാൻസലർ/പ്രോ-വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി. എ മാർ
4. എ. ആർ/ ഡി. ആർ/ ജെ. ആർ (ഭരണം/ധനകാര്യം/അക്കാദമികം/പരീക്ഷ)
5. ജോയിൻറ് ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ്, എം. ജി സർവ്വകലാശാല
6. പി. ആർ. ഒ/ റെക്കോർഡ്സ് സെക്ഷൻ/ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ
7. സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്/ ഐ.ക്യു.എ.സി/ ഐ. ടി. സെൽ
8. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

Draft #169 of File 26895/AD A1/3/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 23-Jun-2022 09:01 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം